## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1714 — 01.11.2019 ൽ മറുപടിക്ക്

## മധുരകമ്പനി പാലം നിർമ്മാണം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ്** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ഇടക്കൊച്ചി വില്ലേജിൽ പഷ്ണിത്തോടിനു കുറുകെയുള്ള മധുരകമ്പനി പാലത്തിന്റെ നിർമ്മാണത്തിനായി നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഇരുന്നൂറ്റി എഴുപത്തിയെട്ട് ലക്ഷം രൂപയും എം.പി. ഫണ്ടിൽ നിന്നും അപ്രോച്ച് റോഡിനായി എൺപത് ലക്ഷം രൂപയും വകയിരുത്തിയിട്ടും പാലത്തിന്റെ അബട്ട്മെന്റ് പണിയുന്നതിനായുള്ള സ്ഥലം ഏറ്റെടുക്കാൻ നഗരസഭ കൗൺസിൽ തീരുമാനം എടുക്കുന്നതിൽ വരുത്തുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | കൊച്ചി നഗരസഭ പരിധിയിൽ പഷ്ണിത്തോടിനു കുറുകെയുള്ള പാലം നിർമ്മാണത്തിനായി പാലത്തിന്റെ അബട്ട്മെന്റ് സ്ഥാപിക്കുന്ന സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾക്കായി എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ 2013-ലെ "Right to Fair Compensations and Transparency in Land Acquisition Rehabilitation Re-settlement Act" നിയമ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി വകുപ്പ് മേധാവികൾ മുഖേന റവന്യൂ (B) ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമാക്കിയതിന് ശേഷം മാത്രം റിക്വിസിഷൻ നടപടികൾ സ്വീകരിക്കേണ്ടതായുള്ളൂ എന്ന് എറണാകുളം ജില്ലാ കളക്ടർ നഗരസഭയെ അറിയിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ അനുവാദത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും, ഉപതിരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ 27/10/2019 വരെ നഗരസഭാ കൗൺസിൽ യോഗം ചേർന്നിരുന്നില്ല. 31.10.2019 ൽ ചേരുവാൻ ഉദ്ദേശിക്കുന്ന നഗരസഭാ കൗൺസിൽ യോഗത്തിൽ ടി വിഷയം പരിഗണിച്ച് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി | സ്ഥലം ഏറ്റെടുക്കുന്നതിനായി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലം എന്നത്തേക്ക് ഏറ്റെടുക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് കൊച്ചി നഗരസഭ കൗൺസിലിന്റെ തീരുമാനത്തിനനുസരിച്ച് അടിയന്തിര തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ